കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.4/2531/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.06-12-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് / സെക്രട്ടറി മുഖേന
മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മലപ്പുറം.
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പെർഫോമൻസ് ഓഡിറ്റ്) മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം.4/2531/2017 തിയ്യതി: 06-12-2017

<u>മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 07.03.2017 മുതൽ 23.11.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.വി.കെ ഷാജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24-11-2017 മുതൽ 30-11-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ടി.പി അബ്ദുൽ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ. റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.സുജാത.എം | ഓഡിറ്റർ (24.11.2017) |
| ശ്രീമതി.ശംസിയ.കെ | ഓഡിറ്റർ (25.11.2017 മുതൽ ) |

ബി ) നിർവഹണാധികാരികൾ.

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.സലീന.കെ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.മാമുക്കുട്ടി.പി | 01.04.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ | ഡോ.ഉമ്മർ പള്ളിയാളി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.സുൽഫിക്കർ.എൻ | 01.04.2016 മുതൽ 25.09.2016 വരെ |
| | ശ്രീ.അനിൽദാസ്.കെ.ടി | 26.09.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി.റോസലി മാത്യൂ | 01.04.2016 മുതൽ 31.03.2017 വരെ |
| എസ്.സി.ഡി.ഒ | ശ്രീ.അനിൽ കുമാർ.സി | 01.04.2016മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | രശീതി പരിശോധന-അപാകതകൾ | 2-1 | |
| 13 | വാടക -അപാകതകൾ സംബന്ധിച്ച് | 2-2 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-1 | |
| 15 | സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത്- ക്രമീകരണ വിവരമില്ല | 3-2 | |
| 16 | മുൻകൂർ അനുവദിച്ചതിന്റെ ക്രമീകരണ വിവരമില്ല | 3-3 | |
| 17 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 3-4 | |
| 18 | IAY ഇനത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം ക്രമീകരിക്കാതെ അവശേഷിക്കുന്നു | 3-5 | |
| 19 | ക്രമപ്രകാരമല്ലാതെ പഞ്ചായത്ത് വാഹനത്തിന്റെ ടയർ മാറ്റിയത് | 3-6 | |
| 20 | PMAY-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-7 | |
| 21 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ബ്ളോക്ക് പഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമല്ല | 3-8 | |
| 22 | ഗ്രാമപഞ്ചായത്ത് ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല | 3-9 | |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തി: പൂർത്തീകരണ വിവരം ലഭ്യമല്ല | 3-10 | |
| 24 | പദ്ധതി നടപ്പിലാക്കുന്നതിൽ അലംഭാവം; 2016-17 ൽ നടപ്പിലാക്കിയത് 50 % പ്രവൃത്തികൾ മാത്രം; 1,98,16,022 രൂപ ലാപ്സായി | 3-11 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 28 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 04.03.2016 ലെ 1(1) -ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 13.01.2017ലെ 1(1) -ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 21.06.2017 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27-11-2017 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1).ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് തുകയുടെ (B-7 Schedule) കൃത്യത പരിശോധിക്കാനായിട്ടില്ല.

2).അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തി വിവരങ്ങളുടെ (B-11 Schedule) കൃത്യത പരിശോധിക്കാനായിട്ടില്ല.

3).2015-16 വർഷത്തെ A.F.S (Schedule B-5) 6,35,940/- രൂപ ലോൺ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം ലോൺ ബാധ്യത ഇല്ല. എന്നാൽ ലോൺ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4).ബാലൻസ് ഷീറ്റ് (Schedule B-17 Cash & Bank Balances) പ്രകാരം Treasury TSB A/C ൽ 29,80,892/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ട്രഷറിയിൽ നിന്ന് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ടി അക്കൗണ്ടിലെ 31.03.2017 ലെ നീക്കിയിരിപ്പ് തുക 29,84,669/- രൂപയാണ്. വ്യത്യാസം റികൺസിലിയേഷൻ നടത്തിയിട്ടുമില്ല.

5).ബാലൻസ് ഷീറ്റ് (Schedule B-17 Cash & Bank Balances) പ്രകാരം Treasury – Special Funds – I ൽ 555/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ല.

6).തൻവർഷം ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7).2016-17 സാമ്പത്തിക വർഷത്തിൽ 5 മരാമത്ത് പ്രവൃത്തികൾക്ക് പാർട്ബിൽ പ്രകാരം 29,68,524/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ Capital Work in Progress എന്ന ഹെഡ്ഡിൽ (Schedule B-11(a)) ആയത് ഉൾപ്പെടുത്തിയിട്ടില്ല.

9). മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27174787 |
| വരവ് | 49292839 |
| ആകെ | 76467626 |
| ചെലവ് | 58712645 |
| നീക്കിയിരുപ്പ് | 17754981 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 27629446 | 0 | 27629446 | 13505416 | 14124030 | 49 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 7006758 | 0 | 7006758 | 4790000 | 2216758 | 68 |
| വികസന ഫണ്ട് | 0 | 14568 | 0 | 14568 | 14568 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| ടി.എസ്.പി. | | | | | | | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 4301235 | 0 | 4301235 | 826001 | 3475234 | 19 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 58 | 43736115 | 29 | 19245691 | 0 | 29 | 50% |

## 1-7 തനത് വരുമാനം

| | മുൻവർഷം | തൻവർഷം | വ്യത്യാസം | |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | |
| നികുതിയേതര വരവുകൾ | 362366 | 192500 | (-)169866 | 46.88% |
| മറ്റുവരവുകൾ | 3000000 | 3303996 | 303996 | 10.13% |
| ആകെ | 3362366 | 3496496 | 134130 | (+) 3.99% |

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-11-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല.

2.സാംഖ്യയിൽ നിന്നെടുക്കുന്ന പേയ്മെന്റ് വൗച്ചറുകളുടെ അടിസ്ഥാനത്തിലല്ല ചെലവു വൗച്ചറുകൾ ക്രമീകരിച്ചിട്ടുള്ളത്. വൗച്ചറുകൾ ചെക്ക് അടിസ്ഥാനത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്.

3.സർക്കാർ അനുവദിച്ചിട്ടുള്ള വിവിധ ഫണ്ടുകൾ ചെലവഴിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.

2016-17ൽ ഫണ്ട് ചെലവഴിക്കുന്നതിൽ വലിയ കുറവ് വന്നത് ഭാഗം 3ൽ പരാമർശിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.02.2017 | 1.04.2015മുതൽ 31.01.2017 വരെ | 06.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2013 | 2008-2009മുതൽ 2012-2013വരെ | 2.1.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പരിശോധന-അപാകതകൾ

1)7.03.2017 മുതൽ 23.11.2017 വരെയുള്ള Day book (തിയ്യതി ക്രമത്തിൽ)പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2)സാംഖ്യ രശീതി സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയതിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)Manual രശീതി പുസ്തക സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

a)പേജ് നം.17ന് ശേഷം 61 മുതൽ ആണ രശീത് പുസ്തകങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടുള്ളത്.

b) 1)18.08.2016-ബുക്ക് നം-558

2)12.02.2008-ബുക്ക് നം-559

3)28.12.2009-ബുക്ക് നം-560

4)28.03.2012-ബുക്ക് നം-561

എന്നിങ്ങനെ രശീതി പുസ്തക നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. രശീതി പുസ്തകങ്ങൾ എവിടെ നിന്നും ലഭിച്ച എന്നോ മുൻപ് രശീതി പുസ്തകങ്ങൾ ബാലൻസ് ഉണ്ടോ എന്നുമുള്ള വിവരവും രേഖപ്പെടുത്തിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 വാടക-വാർഷിക വർദ്ധനവ് വരുത്തിയില്ല-21915 രൂപ നഷ്ടം

1. ബ്ലോക്ക് പഞ്ചായത്തിലെ ഒഴുക്കുകൾ ഗ്രാമ പഞ്ചായത്തിൽ സർവ്വെ നം.315/1-ബിയിൽ സ്ഥിതി ചെയ്യുന്ന 7-A മുതൽ 7-L വരെയുള്ള 12 റൂമുകളിൽ 8 റൂമുകൾ വാടകക്ക് നൽകിയിട്ടുണ്ട്. വാടക കരാർ ഖണ്ഡിക 1 ൽ വാടകയിനത്തിൽ 10% വർദ്ധനവ് വരുത്തി തൊട്ടടുത്ത വർഷം

അതേ വ്യക്തികൾക്ക് തന്നെ നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള വാടക വർദ്ധനവ് വരുത്താതിരുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന് താഴെപ്പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| വാടകക്കാരന്റെ പേര് | റൂം നം | വാടക | വർദ്ധനവ് വരുത്തി ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 1.സെക്കീന.പി.കെ | 7.G | 2000 (2015 ജനുവരി- ഡിസംബർ) | 2200 (2016 ഏപ്രിൽ ഡിസംബർ), 2420 (2017ജനുവരി- മാർച്ച് ) | 2000 | 3060 |
| | 7.H | 2000 | 2200(2016 ഏപ്രിൽ- ഡിസംബർ), 2420 (2017ജനുവരി- മാർച്ച് ) | 2000 | 3060 |
| | 7.I | 1500 | 1650 (2016 ഏപ്രിൽ- ഡിസംബർ) 1815(2017ജനുവരി- മാർച്ച് ) | 1500 | 2295 |
| 2.അസ്മാബി.കെ | 7.F | 2000 | 2200 (2016 ഏപ്രിൽ- ഡിസംബർ) 2420 (2017ജനുവരി- മാർച്ച് ) | 2000 | 3060 |
| 3.സുബൈദ.ടി.ടി | 7.E | 1500 | 1650 (2016 ഏപ്രിൽ- ഡിസംബർ) 1815 (2017ജനുവരി- മാർച്ച് ) | 1500 | 2295 |
| 4.ആയിഷ.എം | 7.A | 3500 | 3850 (2016 ഏപ്രിൽ- ഡിസംബർ) 4235 (2017ജനുവരി- മാർച്ച് ) | 3500 | 5355 |
| 5.റോഷ്ന വാക്കിയത്ത്. | 7.K | 1500(2015 സെപ്റ്റംബർ- ഡിസംബർ) | 1650(2016ഒക്ടോബർ- ഡിസംബർ) 1815 (2017ജനുവരി- മാർച്ച് ) | 1500 | 1395 |
| | 7.L | 1500(2015 | 1650 | 1500 | 1395 |

| | | | | | |
|---|---|---|---|---|---|
| | | സെപ്റ്റംബർ-ഡിസംബർ) | (2016ഒക്ടോബർ-ഡിസംബർ),<br>1815 (2017ജനുവരി-മാർച്ച് ) | | |
| ആകെ | | | | | 21915 |

നഷ്ട തുക 21915രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.റൂം നം 7Dഖൈറുന്നീസ, w/o അമ്പലവൻ കളപ്പുരക്കൽ അൻവർ എന്നവർക്ക് 500രൂപ മാസ വാടക നിശ്ചയിച്ച് കരാറിൽ ഏർപ്പെട്ടതായി കാണുന്നുണ്ടെങ്കിലും തുക ഈടാക്കിയിട്ടില്ല. വാടക രജിസ്റ്റർ പ്രകാരം 7B, 7C എന്നി റൂമുകൾ റുഖിയw/o കമ്മുക്കുട്ടി എന്നവർക്ക് 3000 രൂപ മാസവാടക രേഖപ്പെടുത്തി നൽകിയിട്ടുണ്ടെങ്കിലും തുക ഈടാക്കുകയോ Agreement വെക്കുകയോ ചെയ്തിട്ടില്ല. കാരണം വിശദമാക്കേണ്ടതാണ്.

3. ബ്ലോക്ക് പഞ്ചായത്തിന്റെ 29.06.2015 ന ചേർന്ന യോഗത്തിലെ 1(3) നമ്പർ തീരുമാന പ്രകാരം ആനക്കയം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എസ്.ജി.എസ്.വൈ വിപണന കേന്ദ്രത്തിലെ 5 റൂമുകൾ വാടകക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 0016/17 |
| വിനിയോഗിച്ച തുക | 4,98,120/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 01/16-17തിയ്യതി. 20.02.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ. |

സബ്സിഡി മാർഗ്ഗരേഖ (11.01.2016 ലെ സ.ഉ.(എം.എസ്) നമ്പർ.4/2016/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക 7.1 പ്രകാരം, വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പരിപാടികൾ ഗ്രാമപഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും മാത്രമേ ഏറ്റെടുക്കാവൂ. എന്നാൽ ഉൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾ വകയിരുത്തുന്ന 20% തുകയിൽ നിന്നും വിഹിതം നൽകാവുന്നതാണ്. ഇങ്ങനെ അനുവദിക്കുന്ന തുക ഗ്രാമപഞ്ചായത്തിനാണ് അനുവദിക്കേണ്ടത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രൊജക്ട് എന്ന പേരിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ" എന്ന വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം പൊൻമള,

കോഡൂർ, പൂക്കോട്ടൂർ, മൊറയൂർ, ഒതുക്കുങ്ങൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടേത് അതാത് ഗ്രാമപഞ്ചായത്തുകളിലെ കൃഷി ഓഫീസർമാരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും അവർ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ആനക്കയം ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. ആയതിനാൽ ഈ തുക ഗ്രാമപഞ്ചായത്തിൽ ലഭിക്കുകയോ അക്കൗണ്ട് ചെയ്യപ്പെടുകയോ ചെയ്യുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ. | ഗ്രാമപഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം. | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പൊൻമള. | 96 | 1,50,000/- | പൊൻമള കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. |
| 2 | കോഡൂർ | 18 | 24,120/- | കോഡൂർ കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. |
| 3 | പൂക്കോട്ടൂർ | 52 | 54,000/- | പൂക്കോട്ടൂർ കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. |
| 4 | മൊറയൂർ | 36 | 45,000/- | മൊറയൂർ കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. |
| 5 | ഒതുക്കുങ്ങൽ | 124 | 1,50,000/- | ഒതുക്കുങ്ങൽ കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. |
| 6 | ആനക്കയം | 65 | 75,000/- | ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. |

നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത്- ക്രമീകരണ വിവരമില്ല.

2016-17 വർഷത്തിൽ, ബ്ലോക്ക് വികസന വിദ്യാകേന്ദ്രം സാക്ഷരതാ പ്രേരകായ ശ്രീമതി.സഫിയ.ടി. എന്നവർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം, മറ്റ് അലവൻസുകൾ എന്നിവ അനുവദിച്ചിട്ടുണ്ട്. സാക്ഷരതാമിഷൻ ഫണ്ട് ലഭ്യമല്ലാത്തതിനാലും, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കാമെന്ന വ്യവസ്ഥയിലുമാണ്, തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ/ചെക്ക് നം./തീയതി | തുക |
|---|---|
| vr.21600110/20.06.16 | 7600 |
| vr.21600170/11.08.16 | 7600 |
| Ch.1544966/01.11.16 | 11400 |
| Ch.1544994/11.01.17 | 10300 |
| Ch.1609134/24.03.17 | 7600 |
| Ch.1609136/30.03.17 | 24460 |
| ആകെ | 68960 |

ഓഡിറ്റ് എൻക്വയറിക്ക് (നം.8 /29.11.2017) മറുപടിയായി 509160/19.05.17 പ്രകാരം സാക്ഷരതാ ഫണ്ട് 36900 രൂപ ലഭിച്ചത് തനത് ഫണ്ടിലേക്ക് ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കി. ബാക്കി 32060 രൂപ കൂടി ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മുൻകൂർ അനുവദിച്ചതിന്റെ ക്രമീകരണ വിവരമില്ല

2016-17 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ അനുവദിച്ചതായി കാണുന്നു. എന്നാൽ ഇവ ക്രമീകരിച്ചതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ചെക്ക്/വൗച്ചർ നം./ | തുക | തുക അനുവദിച്ചതിന്റെ വിവരം |
|---|---|---|

| തീയതി | | |
|---|---|---|
| Ch.1544946/29.08.16 | 3000 | ODF പ്രഖ്യാപന യോഗം സംഘടിപ്പിക്കുന്നതിന് ശ്രീ.സി.കെ സാജൻ (E.O) എന്നവർക്ക് നൽകിയത്. |
| Ch.1544945107.09.16 | 25000 | IRDP-ഓണം, ബക്രീദ് വിപണനമേള സംഘടിപ്പിക്കുന്നതിന് ശ്രീ.സി.കെ സാജൻ (E.O) എന്നവർക്ക് നൽകിയത്. |
| Ch.1544992/28.12.16 | 10000 | ഹരിത വനിത ലേബർ ബാങ്ക് (MKSP) 3-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി കാർഷിക പ്രദർശന വിപണനമേള സംഘടിപ്പിക്കുന്നതിന് ശ്രീമതി. സുനീറ.പി. (MKSP പ്രസിഡണ്ട്) എന്നവർക്ക് നൽകിയത്. |
| ആകെ | 38000 | |

മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/29.11.17) മറുപടിയായി ക്രമ നമ്പർ 1 പ്രകാരമുള്ള ചെലവുരേഖകൾ ഹാജരാക്കി. 38000-3000=35000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. വീഴ്ച ഉണ്ടായാൽ 35,000/- രൂപയുടെ ചെലവ് നിരാകരിച്ച് തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ബിൽ/വൗച്ചർ നം./തീയതി | തുക | സ്ഥാപനം |
|---|---|---|
| ബിൽ നം.22/16-17/20.02.17 | 200000 | DPC കെട്ടിട നിർമ്മാണം-വിഹിതം |
| ബിൽ നം.21/16-17/20.02.17 | 1000000 | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം |
| ആകെ | 1200000 | |

ഓഡിറ്റ് എൻക്വയറിക്ക് (നം.05/29.11.17) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. 1200000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ചെലവു രേഖകൾ ഹാജരാക്കുന്നതിൽ തുടർന്നും വീഴ്ചയുണ്ടായാൽ തുക നിരാകരിച്ച് ഉത്തരവാദിയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-5 IAY ഇനത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം ക്രമീകരിക്കാതെ അവശേഷിക്കുന്നു.

ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പ്രകാരം മുൻ വർഷങ്ങളിൽ താഴെപ്പറയുന്ന ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച IAY വിഹിതം ക്രമീകരിക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ചു പോരുന്നതായി കാണുന്നു. ചില ഗ്രാമപഞ്ചായത്തുകളിൽ നിന്നും ക്രമപ്രകാരം ലഭിക്കേണ്ടതിലും കുറവായി തുക ലഭിച്ചതായും കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|
| കോഡൂർ | 500000 | 440000 | 60000 |
| പൂക്കോട്ടൂർ | 1179125 | 1040000 | 139125 |
| ആനക്കയം | 1320000 | 1380000 | (-)60000 |
| പൊൻമള | 480000 | 520000 | (-)40000 |

ഓഡിറ്റ് തീയതി വരെ മേൽപ്പറഞ്ഞ പ്രകാരമുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല. ചില ഗ്രാമപഞ്ചായത്തുകൾ എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് ക്രമപ്രകാരം ആവശ്യമായ തുകയേക്കാൾ കൂടുതൽ തുക അടവാക്കിയതായി കാണുന്നു. IAYപദ്ധതി അവസാനിച്ച സാഹചര്യത്തിൽ തുക മറ്റ് ഭവനനിർമ്മാണ പദ്ധതികളിലേക്ക് ക്രമീകരിക്കുകയോ ഗ്രാമപഞ്ചായത്തുകൾക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്. കുറവായി തുക നൽകിയ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ബാക്കി തുക ലഭ്യമാക്കേണ്ടതുമാണ്.

## 3-6 <u>ക്രമപ്രകാരമല്ലാതെ പഞ്ചായത്ത് വാഹനത്തിന്റെ ടയർ മാറ്റിയത്</u>

ചെക്ക് നം.1544953/26.09.16--10000

പഞ്ചായത്ത് വാഹനത്തിന്റെ 4 ടയറുകൾ M/s Super Agencies, Malappuram എന്ന സ്ഥാപനത്തിൽ നിന്നും മാറ്റിയതിന് മേൽപ്പറഞ്ഞ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ടയറുകൾ മാറ്റുന്നതിന് പി.ഡബ്ലിയു.ഡി മെക്കാനിക്കൽ എഞ്ചിനീയറുടെ എസ്സൻഷ്യാലിറ്റി സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. അപാകത സൂചിപ്പിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/29.11.17) അടിയന്തിര സാഹചര്യത്തിൽ ടയർ മാറ്റിയതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 3-7 <u>**PMAY-**ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.</u>

2016-17 വർഷത്തിൽ ജനറൽ, എസ്.സി, എസ്.ടി വിഭാഗങ്ങളിലായി 91 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുണ്ട്. എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| വിഭാഗം | എഗ്രിമെന്റ് വെച്ചവരുടെ എണ്ണം | നിർമ്മാണം പൂർത്തിയാക്കിയവർ | പൂർത്തീകരിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| ജനറൽ | 84 | 40 | 44 |
| പട്ടികജാതി | 07 | 02 | 05 |
| പട്ടികവർഗ്ഗം | 0 | 0 | 0 |

ഭവന നിർമ്മാണം വളരെ മന്ദ ഗതിയിലാണ് നടക്കുന്നതെന്ന് കാണുന്നു. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരിൽ 12പേർ ആദ്യ ഗഡു മാത്രം കൈപ്പറ്റിയവരാണ്. രണ്ട് ഗഡു മാത്രം കൈപ്പറ്റിയവർ 06പേരുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ബ്ളോക്ക് പഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമല്ല.

നി.ഉദ്യോഗസ്ഥൻ. അസി. എക്സി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമ/ബ്ളോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം, ബ്ളോക്ക് പഞ്ചായത്ത്, ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് എത്ര രൂപയാണെന്നും അതിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

## 3-9 ഗ്രാമപഞ്ചായത്ത് ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല.

നി. ഉദ്യോഗസ്ഥൻ: അസി. എക്സി.എഞ്ചിനീയർ.

പാറമ്മൽ അംഗനവാടി നിർമാണം(62/17) എന്ന പ്രവൃത്തി നടപ്പാക്കുന്നതിനായി ട്രഷറി ബിൽ നംപർ 5/16-17/6-3-17 പ്രകാരം 500000 രൂപ പിൻവലിച്ച് കോഡൂർ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 198/17 പ്രോജക്ട് പ്രകാരം ആകെ അടങ്കൽ 1005000 രൂപയായ ഈ പ്രവൃത്തിയുടെ ആകെ ചെലവ് 647572 രൂപയാണെന്നും ബ്ളോക്ക് പഞ്ചായത്ത് വിഹിതമായ 500000 രൂപയിൽ ചെലവഴിക്കാത്ത 357428 രൂപ (1005000-647572) രൂപ തുടർ പ്രവർത്തനത്തിന് അനുവദിക്കണമെന്നുമുള്ള കോഡൂർ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ബ്ളോക്ക് പഞ്ചായത്ത് നിരസിച്ചിട്ടുണ്ട്. ഈ തുക ലഭ്യമായിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 13/ 29-11-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 ഡെപ്പോസിറ്റ് പ്രവൃത്തി: പൂർത്തീകരണ വിവരം ലഭ്യമല്ല.

നി. ഉദ്യോഗസ്ഥൻ: അസി. എക്സി.എഞ്ചിനീയർ.

കാലംപറമ്പ് കുടിവെള്ള പദ്ധതി (61/17) എന്ന പ്രവൃത്തി നടപ്പാക്കുന്നതിനായി ട്രഷറി ബിൽ നമ്പർ 6/16-17/6-3-17 പ്രകാരം 2000000 രൂപ പിൻവലിച്ച് KWA യിൽ നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ

പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. KWA ക്ക് നൽകിയ 20,00,000/- രൂപയ്ക്ക് ഓഡിറ്റ് തടസ്സവാദമുന്നയിക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

## 3-11 പദ്ധതി നടപ്പിലാക്കുന്നതിൽ അലംഭാവം; 2016-17 ൽ നടപ്പിലാക്കിയത് 50 % പ്രവൃത്തികൾ മാത്രം; വികസന ഫണ്ട് ഇനത്തിൽ 1,98,16,022 രൂപ ലാപ്സായി.

ബ്ളോക്ക് പഞ്ചായത്തിൽ 2016-17 ൽ പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിലും പദ്ധതി തുക ചെലവഴിക്കുന്നതിലും വീഴ്ചയുണ്ടായതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നടപ്പിലാക്കിയതിന്റെ വിശദാംശം

ആകെ അംഗീകരിച്ച പ്രൊജക്ടുകൾ: 58

ആകെ നടപ്പിലാക്കിയ പ്രൊജക്ടുകൾ: 29 (50.00%)

നടപ്പിലാക്കാത്ത പ്രൊജക്ടുകൾ: 29

തുക ചെലവഴിച്ചതിന്റെ വിശദാംശം

ആകെ അടങ്കൽ: 43736115 രൂപ

ആകെ ചെലവ്: 19245691 രൂപ (44.00%)

ചെലവഴിക്കാത്ത തുക: 24490424 രൂപ.

പദ്ധതി പണത്തിന്റെ വരവ്-ചെലവ് വിവരം

ആകെ വരവ്: 38952007 രൂപ

ആകെ ചെലവ്: 19135985 രൂപ

ലാപ്സായ തുക: 19816022 രൂപ. (50.87%)

50 % പ്രവൃത്തികളും നടപ്പിലാക്കാത്തത് വഴി ബ്ളോക്ക് പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന സേവനങ്ങളും ഭൗതിക സൗകര്യങ്ങളുമാണ്, നിർവ്വഹണോദ്യോഗസ്ഥരുടേയും ഭരണസമിതിയുടേയും മേൽനോട്ടത്തിന്റെ അഭാവം കാരണം ലഭ്യമാകാതെയിരുന്നത്. CDPO നിർവ്വഹണോദ്യോഗസ്ഥനായി മൂന്ന് പദ്ധതി പ്രകാരം 22,50,885 രൂപ ചെലവഴിക്കാൻ പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും ഒരു പദ്ധതി പോലും CDPO നടപ്പാക്കിയില്ല. പദ്ധതി നടപ്പാക്കാത്തതിന് CDPO യിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
പദ്ധതികൾ യഥാസമയം നടപ്പിലാക്കാത്തത് വൻ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിന് വിശദീകരണം നൽകേണ്ടതും തുടർ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിന്റെ പുരോഗതി അറിയിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കാലംപറമ്പ് കുടിവെള്ള പദ്ധതി | 6/16-17 /06.03.2017 | 2000000 | | ഇല്ല | 2000000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

### 4-4 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| I.A.Y.ലോൺ | സ.ഉ.(കൈ)332/13 /ത.സ്വ.ഭ.വ | 1,66,44,000 | 11188 | 11188 | - |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 1999-2000 | 40 | 2001-02 | വാട്ടർ ഫിൽട്ടർ സ്ഥാപിക്കൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ ) | 76467626 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58712645 |
| വരവിനങ്ങളിലുള്ള നഷ്ടം | 21915 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3245000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 21915 | | ശ്രീ. മാമുക്കുട്ടി. പി.പി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 35000 | ശ്രീ. മാമുക്കുട്ടി. പി.പി, സെക്രട്ടറി |
| 3-4 | 1200000 | ശ്രീ. മാമുക്കുട്ടി. പി.പി, സെക്രട്ടറി |
| 3-6 | 10000 | ശ്രീ. മാമുക്കുട്ടി. പി.പി, സെക്രട്ടറി |
| 3-10 | 2000000 | |
| ആകെ | 32,45,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മാമുക്കുട്ടി.പി.പി, സെക്രട്ടറി | ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി,<br>മലപ്പുറം | വടക്കേ പറമ്പിൽ ഹൗസ്,<br>മണാശ്ശേരി പി.ഒ,<br>കോഴിക്കോട്. |
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | എൽ.എഫ്.എം.4/3285/14 തി.31.12.2014 | 1 |
| 2000-01 | എൽ.എഫ്.എം.4/1078/12 തി.15.06.2012 | 21 |
| 2001-02 | എൽ.എഫ്.എം.4/3285/14(2) തി.31.12.2014 | 1 |
| 2003-04 | എൽ.എഫ്.എം.4/3285/14(4) തി.31.12.2014 | 7 |
| 2004-05 (ചെലവ്) | എൽ.എഫ്.എം.4/3285/14(5) തി.31.12.2014 | 3 |
| 2005-06 (ചെലവ്) | എൽ.എഫ്.എം.4/3285/14(6) തി.31.12.2014 | 24 |
| 2006-07 (ചെലവ്) | എൽ.എഫ്.എം.4/3285/14(7) തി.31.12.2014 | 18 |
| 2007-08 (ചെലവ്) | എൽ.എഫ്.എം.4/3285/14(8) തി.31.12.2014 | 23 |
| 2008-09 | എൽ.എഫ്.എം.4/3285/14(9) തി.31.12.2014 | 15 |
| 2009-10 | എൽ.എഫ്.എം.4/3285/14(10) തി.31.12.2014 | 10 |
| 2010-11 | എൽ.എഫ്.എം.4/3285/14(11) തി.31.12.2014 | 12 |
| 2011-12 | എൽ.എഫ്.എം.4/3285/14(12) തി.31.12.2014 | 7 |
| 2012-13 | എൽ.എഫ്.എം.4/1127/14 തി.29.01.2016 | 3 |
| 2013-14 | എൽ.എഫ്.എം.4/3311/14 | 5 |

| | | |
|---|---|---|
| | തി.09.01.2015/24.01.2015 | |
| 2014-15 | എൽ.എഫ്.എം.4/2506/15 തി.25.01.2016 | 3 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം4/642/2017 തി.17.03.2017 | 11 |

കുറിപ്പ്: 1999-2000 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശക്തമായ ഇടപെടലുകളും തീരുമാനങ്ങളും ത്വരിതപ്പെടുത്തി പരാമർശങ്ങൾക്ക് തീർപ്പ് കൽപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# Annexure 1

# AUDIT CERTIFICATE

No. KSA/MPM.4/2531/17

Kerala State Audit Department

District Audit Office

Malappuram
Dated: 06-12-17

Certified that I have Audited the Annual Financial Statement of Malappuram Block Panchayat in Malappuram District for the year 2016-17 from 01.04.15 to 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Malappuram Block Panchayat in Malappuram District for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Senior Deputy Director,

Kerala State Audit Department.

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.4/2531/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.06-12-17

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ, 01.04.16 മുതൽ 31.03.2017 വരെയുള്ള വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, മലപ്പുറം ബ്ളോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം